ബംഗ്ലാദേശിലും വർണാഭമായി രഥോത്സവം

ധാക്ക: ജഗന്നാഥപുരിയിലെ രഥോത്സവത്തിന്റെ ആഹ്ലാദം പങ്കുവച്ച് ബംഗ്ലാദേശിലെ ധമ്റായിയിലും ധാക്കയിലുമടക്കം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രഥയാത്രകൾ ആഘോഷപൂർവം നടന്നു. പതിനായിരക്കണക്കിന് ഭക്തരാണ് ഓരോ രഥയാത്രയിലും പങ്കാളികളായത്. ജൂലൈ 7ന് ആരംഭിച്ച രഥോത്സവം കഴിഞ്ഞ ദിവസം ജഗന്നാഥ രഥയാത്രയോടെ സമാപിച്ചു.

ഭജന, പ്രഭാഷണങ്ങൾ, അഗ്നിഹോത്രം, സാംസ്കാരിക പരിപാടികൾ, ഗീതാ പാരായണം, മഹാപ്രസാദ വിതരണം തുടങ്ങിയ പരമ്പരാഗത ചടങ്ങുകളുമായാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ധമ്രായിലെയും ധാക്കയിലെയും ക്ഷേത്രങ്ങളിൽ രഥോത്സവം കൊണ്ടാടിയത്. ധാക്കേശ്വരി ക്ഷേത്രത്തിൽ, ഭഗവാൻ ജഗന്നാഥൻ, ബലരാമൻ, സുഭദ്ര എന്നിവരുടെ വിഗ്രഹങ്ങൾ വലിയ രഥങ്ങളിൽ വഹിച്ചുകൊണ്ടായിരുന്നു ഘോഷയാത്ര. ഘോഷയാത്രയ്ക്ക് മുന്നോടിയായി ധാക്കേശ്വരി ക്ഷേത്രത്തിൽ പ്രഭാഷണം നടത്തി. സ്വാമിബാഗ് ഏരിയയിലെ ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നെസും ഘോഷയാത്ര സംഘടിപ്പിച്ചു.

ബംഗ്ലാദേശ് ഭക്ഷ്യമന്ത്രി സധൻ ചന്ദ്ര മജുംദാർ, ബംഗ്ലാദേശ് പൂജ ഉദ്ജപൻ പരിഷത്ത് പ്രസിഡന്റ് ജെ.എൽ. ഭൗമിക് തുടങ്ങി നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

ബംഗ്ലാദേശിലെ ധാക്കയിൽ കഴിഞ്ഞ ദിവസം നടന്ന രഥയാത്ര

ബംഗാൾ ഗവർണർക്കെതിരെ ദുഷ്പ്രചാരണം നടത്തരുതെന്ന് മമതയോട് ഹൈക്കോടതി

■ സത്യം വിജയിക്കുമെന്ന് സി.വി. ആനന്ദബോസ്

കൊൽക്കത്ത: ബംഗാൾ ഗവർണർ സി.വി. ആനന്ദബോസിനെതിരെ സമൂഹമാധ്യമങ്ങളിൽ നടക്കുന്ന ദുഷ്പ്രചാരണങ്ങൾക്കെതിരെ രൂക്ഷ വിമർശനവുമായി കൽക്കട്ട ഹൈക്കോടതി. തെറ്റായതും മാനഹാനി ഉണ്ടാക്കുന്നതുമായ യാതൊരു തരത്തിലുള്ള പ്രചാരണവും ഗവർണർക്കെതിരെ നടത്തരുതെന്ന് മുഖ്യമന്ത്രി മമതാ ബാനർജിയോടും ടിഎംസി നേതാക്കളോടും ഹൈക്കോടതി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ആത്മനിയന്ത്രണം പാലിക്കണം. സിംഗിൾ ബെഞ്ച് ജഡ്ജി ജസ്റ്റിസ് കൃഷ്ണറാവുവാണ് താത്കാലിക ഉത്തരവ് പുറപ്പെടുവിച്ചത്.

മമതാ ബാനർജിക്കും ടിഎംസി നേതാക്കൾക്കുമെതിരെ ഗവർണർ നല്കിയ മാനനഷ്ടക്കേസിലാണ് കോടതിയുടെ ഉത്തരവ്. മമതയും മറ്റുള്ളവരും ആഗസ്ത് 14 വരെ സമൂഹമാധ്യമങ്ങളിൽ ഇത്തരത്തിൽ പ്രചാരണങ്ങൾ നടത്തരുത്. ഗവർണർ ആനന്ദബോസ് ഭരണഘടനാ പദവിയിൽ ഇരിക്കുന്നയാളാണ്. അദ്ദേഹത്തെ വ്യക്തിപരമായി ആക്രമിക്കാൻ പാടില്ല. അഭിപ്രായ സ്വാതന്ത്ര്യം അപരിമിതമല്ല. തുടർച്ചയായി ഗവർണറെ ആക്രമിക്കുന്നത് പദവിയെ അവഹേളിക്കുന്നതാണെന്നും കോടതി നിരീക്ഷിച്ചു.

സത്യം വിജയിക്കുമെന്നായിരുന്നു കോടതി വിധി സംബന്ധിച്ച് ഗവർണർ ആനന്ദബോസിന്റെ പ്രതികരണം. 23 സെക്കന്റിൽ രാജ്ഭവൻ യൂട്യൂബിൽ പോസ്റ്റ് ചെയ്ത വീഡിയോയിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. മമതാ ബാനർജിക്ക് ഈശ്വരൻ വെളിച്ചം നല്കട്ടേയെന്ന് പ്രാർത്ഥിക്കുന്നതായും അദ്ദേഹം പറഞ്ഞു. ബംഗാളിലെ ജനങ്ങൾക്കായി തന്റെ സേവനം സമർപ്പിച്ചിരിക്കുകയാണെന്നും ഗവർണർ വ്യക്തമാക്കി. മമതക്കെതിരെ കഴിഞ്ഞമാസം 28നാണ് മാനനഷ്ടക്കേസ് ഗവർണർ ഫയൽ ചെയ്തത്.

ടിവി തിരികെയെത്തിച്ച് ആരാധകനായ കള്ളൻ

മുംബൈ: മോഷണ മുതലായ ടിവി താൻ ആരാധിക്കുന്ന കവിയുടേതെന്ന് തിരിച്ചറിഞ്ഞ കള്ളൻ അത് തിരികെയെത്തിച്ചു. ഒപ്പം മാപ്പ് എഴുതിവെച്ചു. മഹാരാഷ്ട്രയിലെ റായ്ഗഡ് ജില്ലയിലെ നെറലിലാണ് സംഭവം. താൻ കവർച്ച നടത്തിയ വീട് അന്തരിച്ച പ്രശസ്ത മറാഠി കവി നാരായൺ സർവെയുടേതെന്ന് അറിഞ്ഞതോടെയാണ് കള്ളന് കുറ്റബോധമുണ്ടായത്. എൽഇഡി ടിവി ഉൾപ്പെടെയുള്ളവ കള്ളൻ തിരികെയെത്തിച്ചു. സാധാരണക്കാരുടെ കവി എന്ന് അറിയപ്പെട്ടിരുന്ന നാരായൺ സർവെ 84 ാം വയസിൽ 2010 ആഗസ്ത് 16നാണ് മരിച്ചത്.

സർവെയുടെ മകൾ സുജാത ഘാരെയും ഭർത്താവ് ഗണേഷ് ഘാരെയും മകനെ കാണാൻ വിരാറിലേക്ക് പോയിരുന്ന സമയത്താണ് വീട്ടിൽ കള്ളൻ കയറിയത്. ജൂലൈ 14നാണ് മോഷണം നടന്നതെന്ന് കരുതുന്നു. അന്ന് കുളിമുറിയുടെ ജനൽ തകർന്നുകിടക്കുന്നുവെന്ന് അയൽവാസികൾ സുജാതയെ വിളിച്ച് അറിയിച്ചിരുന്നു. വീട്ടിലെത്തിയ മകളാണ് അച്ഛന്റെ ഫോട്ടോയ്ക്കരികിൽ ഭിത്തിയിൽ കള്ളൻ എഴുതിയ കുറിപ്പ് കണ്ടെത്തിയത്. 'വീട് നാരായൺ സർവെയുടേതാണെന്ന് എനിക്കറിയില്ലായിരുന്നു, അറിഞ്ഞെങ്കിൽ ഞാൻ ഇവിടെ നിന്ന് ഒരിക്കലും മോഷ്ടിക്കില്ലായിരുന്നു. എൽഇഡി ടിവി തിരികെവയ്ക്കുന്നു. ക്ഷമിക്കണം,' എന്നായിരുന്നു കുറിപ്പെന്ന് ഘാരെ പറഞ്ഞു.

ടിവി തിരികെ കിട്ടിയെങ്കിലും മറ്റ് പലതും നഷ്ടമായെന്ന് സുജാത ഘാരെ പറഞ്ഞു. എട്ട് ടാപ്പുകൾ, പാചകപ്പൊടി, ടേബിൾ ഫാൻ, പാത്രങ്ങൾ, അഞ്ച് ലിറ്റർ പാചക എണ്ണ എന്നിവയും മോഷണം പോയിട്ടുണ്ട്. അതേസമയം എൽഇഡി ടിവിയിൽ നിന്ന് വിരലടയാളവും സിസിടിവി ദൃശ്യങ്ങളും പോലീസ് ശേഖരിച്ചിട്ടുണ്ട്. ഇയാളെ ഉടൻ പിടികൂടുമെന്ന് പോലീസ് അറിയിച്ചു. കള്ളൻ രണ്ടുതവണ വീട്ടിൽ കയറിയിരിക്കാമെന്നും രണ്ടാമത്തെ തവണയാകാം കവിയുടെ ഫോട്ടോ കണ്ടതെന്നും പോലീസ് കരുതുന്നു.

മുംബൈയിലെ തെരുവിൽ അനാഥനായി വളർന്ന കവി നാരായൺ സർവെ വീട്ടുവേല ചെയ്തും ഹോട്ടലിൽ പണിയെടുത്തുമാണ് തന്റെ ജീവിതം കഴിച്ചിരുന്നത്.

കന്നഡ സംവരണം: പുതിയ ബിൽ വൻ വിവാദത്തിൽ

ബെംഗളൂരു: സ്വകാര്യ മേഖലയിലെ ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി തസ്തികകൾ കന്നഡക്കാർക്ക് സംവരണം ചെയ്യാനുള്ള കർണാടകത്തിലെ കോൺഗ്രസ് സർക്കാരിന്റെ തീരുമാനം വിവാദത്തിൽ. സ്വകാര്യമേഖല തന്നെ സർക്കാരിനെതിരെ തിരിഞ്ഞിരിക്കുകയാണ്.

കർണാടകയിൽ ജനിച്ചുവളർന്നവർക്കും 15 വർഷമായി കർണാടകത്തിൽ സ്ഥിരതാമസമാക്കിയവർക്കും കന്നഡ എഴുതാനും വായിക്കാനും പറയാനും അറിയുന്നവർക്കും സംവരണം നൽകാനാണ് ബിൽ പറയുന്നത്. 15 വർഷത്തിലധികമായി കർണാടകത്തിൽ സ്ഥിരതാമസമാക്കിയ, കന്നഡയറിയുന്ന മലയാളികളുൾപ്പെടെയുള്ള ഇതര സംസ്ഥാനക്കാർക്ക് ബില്ലിന്റെ ഗുണംലഭിക്കും.

ഇതിന് പുറമെ സംസ്ഥാനത്തെ വ്യവസായമേഖലയിൽ തദ്ദേശീയർക്ക് 75 ശതമാനംവരെ നിയമനങ്ങൾ സംവരണംചെയ്യാൻ ലക്ഷ്യമിടുന്നതാണ് മറ്റൊരു ബിൽ. വ്യവസായസ്ഥാപനങ്ങളിലും ഫാക്ടറികളിലും മറ്റും മാനേജ്മെന്റ് തസ്തികകളിൽ 50 ശതമാനവും മാനേജ്മെന്റ് ഇതര തസ്തികകളിൽ 75 ശതമാനവും തദ്ദേശീയർക്ക് സംവരണം ചെയ്യാനാണ് ബിൽ വ്യവസ്ഥ ചെയ്യുന്നത്. കർണാടക സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഓഫ് ലോക്കൽ കാൻഡിഡേറ്റ്സ് ഇൻ ദ ഇൻഡസ്ട്രീസ്, ഫാക്ടറീസ്, ആൻഡ് അദർ എസ്റ്റാബ്ലിഷ്മെന്റ് ബിൽ-2024 എന്നപേരിൽ രൂപം നല്കിയ ബില്ലിനാണ് അംഗീകാരം നൽകിയത്. ജോലിക്കുള്ള അപേക്ഷകർ കന്നഡഭാഷ ഒരു വിഷയമായി പഠിച്ച് പത്താംക്ലാസ് പരീക്ഷ പാസായിരിക്കണം. അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന നോഡൽ ഏജൻസി നടത്തുന്ന ടെസ്റ്റ് പാസാകണം. അതേസമയം, തദ്ദേശീയരായ അപേക്ഷകർ മാനേജ്മെന്റ് തസ്തികകളിൽ 25-ലും മാനേജ്മെന്റ് ഇതരതസ്തികകളിൽ 50 ശതമാനത്തിലും കുറയാൻ പാടില്ലെന്നും ബിൽ വ്യവസ്ഥചെയ്യുന്നു. അപേക്ഷകരായി വേണ്ടത്ര തദ്ദേശീയരെത്തിയില്ലെങ്കിൽ നിയമത്തിൽ ഇളവുവരുത്താൻ സ്ഥാപനം സർക്കാരിന് അപേക്ഷനൽകണം. തുടർന്ന് വിശദ അന്വേഷണം നടത്തിയതിനുശേഷം സർക്കാർ ആവശ്യമായ ഉത്തരവ് നൽകും. നിയമം ലംഘിക്കുന്ന സ്ഥാപനങ്ങൾക്ക് 10,000 രൂപ മുതൽ 25,000 രൂപ വരെ പിഴയിടുമെന്നും ബില്ലിൽ പറയുന്നു.

കുമാരനാശാന്റെ ശില്പം അനാച്ഛാദനം ചെയ്തു

ബെംഗളൂരു: അൽസൂരിലെ ശ്രീനാരായണ സമിതി ആസ്ഥാന സമുച്ചയ അങ്കണത്തിലെ സ്മൃതി മണ്ഡപത്തിൽ മഹാകവി കുമാരനാശാന്റെ ശില്പം അനാച്ഛാദനം ചെയ്തു. കുമാരനാശാന് നൂറാമത് സ്മൃതി വാർഷികത്തോടനുബന്ധിച്ച് ആദരസൂചകമായാണിത്. അനാച്ഛാദന കർമം സമിതി പ്രസിഡന്റ് എൻ. രാജമോഹനൻ നിർവഹിച്ചു. സാഹിത്യകാരന്മാരായ സുധാകരൻ രാമന്തളി, ജെ ഹരിദാസൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. എൻ. രാജമോഹനൻ അധ്യക്ഷത വഹിച്ചു. സമിതി ജനറൽ സെക്രട്ടറി എം.കെ. രാജേന്ദ്രൻ ആമുഖപ്രസംഗം നടത്തി. ആശാൻ പഠന കേന്ദ്രം ചെയർമാൻ വെമ്പണി സുരേന്ദ്രൻ സ്വാഗതം ആശംസിച്ചു. ആശാന്റെ ശില്പം നിർമിച്ച ശില്പി വിനോദ് കലാലയത്തെ ആദരിച്ചു. എസ്എൻഡിപി ബെംഗളൂരു യൂണിയൻ സെക്രട്ടറി സത്യൻ പുത്തൂർ, കേരള സമാജം പ്രസിഡന്റ് സി.പി. രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

ബെംഗളൂരുവിൽ അൽസൂരിലെ ശ്രീനാരായണ സമിതി ആസ്ഥാന സമുച്ചയ അങ്കണത്തിലെ സ്മൃതി മണ്ഡപത്തിൽ മഹാകവി കുമാരനാശാന്റെ ശില്പം അനാച്ഛാദനം ചെയ്തപ്പോൾ

■ ഒമാൻ കടലിൽ എണ്ണക്കപ്പൽ മറിഞ്ഞു

16 പേരെ കാണാനില്ല, 13 പേർ ഭാരതീയർ

മസ്ക്കറ്റ്: ഒമാൻ കടലിൽ എണ്ണക്കപ്പൽ മറിഞ്ഞ് 16 ജീവനക്കാരെ കാണാതായി. ഇതിൽ 13 പേർ ഭാരതീയരാണ്. ബാക്കി മൂന്ന് പേർ ശ്രീലങ്കരാണ്. ആഫ്രിക്കൻ രാജ്യമായ കൊമോറോസിന്റെ പതാകവച്ച പ്രസ്റ്റീജ് ഫാൽക്കൺ എന്ന എണ്ണക്കപ്പലാണ് അപകടത്തിൽപ്പെട്ടത്. ചൊവ്വാഴ്ച ഒമാൻ അൽവുസ്ത ഗവർണറേറ്റിലെ ദുക തീരത്തിന് സമീപത്തായാണ് എണ്ണക്കപ്പൽ അപകടത്തിൽപ്പെടുന്നത്. യെമൻ തുറമുഖമായ ഏദനിലേക്ക് പോവുകയായിരുന്നു.

ദുകയ്ക്ക് സമീപം റാസ് മദ്രാക്ക എന്ന പ്രദേശത്തിന് തെക്ക് കിഴക്ക് 25 നോട്ടിക്കൽ മൈൽ അകലെവച്ച് എണ്ണക്കപ്പൽ തലകീഴെ മറിയുകയായിരുന്നു. എന്നാൽ എണ്ണ കടലിലേക്ക് ഒഴുകുന്നുണ്ടോയെന്നത് വ്യക്തമല്ല. ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്തുമെന്ന് സമുദ്ര സുരക്ഷാ കേന്ദ്രം അറിയിച്ചു.

രക്ഷാ പ്രവർത്തനത്തിനും കാണാതായവർക്കുവേണ്ടി തെരച്ചിൽ നടത്തുന്നതിനുമായി ഭാരതീയ നാവിക സേന വിദഗ്ധ സംഘം സ്ഥലത്തെത്തി. രക്ഷാപ്രവർത്തനത്തിന് ഐഎൻഎസ് തേജ് വ്യോമ നീരീക്ഷണത്തിന് പി81 യുദ്ധക്കപ്പലിനേയുമാണ് നിയോഗിച്ചിരിക്കുന്നത്. 2007ൽ നിർമിച്ച പ്രസ്റ്റീജ് ഫാൽക്കൺ കപ്പലിന് 117 മീറ്റർ നീളമാണുള്ളത്. ചെറിയ യാത്രകൾക്കാണ് ഇത്തരം കപ്പലുകൾ പൊതുവേ ഉപയോഗിക്കാറ്.

സ്വർണം പവൻ 55,000 | സ്വർണം ഗ്രാം 6875

കമ്പോളം

വെളിച്ചെണ്ണ മില്ലിങ്	15,400
വെളിച്ചെണ്ണ	15,900
കൊപ്ര	10,000–10,200
പിണ്ണാക്ക് എക്സ്പെല്ലർ	2600
പിണ്ണാക്ക് റോട്ടറി	3100
കുരുമുളക് അൺഗാർബിൾഡ്	65,700
പുതിയ കുരുമുളക്	64,700
കുരുമുളക് ഗാർബിൾഡ്	67,700
ചുക്ക് മീഡിയം	36,000
ചുക്ക് ബെസ്റ്റ്	38,000
മഞ്ഞൾ നാടൻ	ഇല്ല
സേലം–ഈറോഡ്	17,000–17,500
കാഞ്ഞിരക്കുരു	1850
അടയ്ക്ക	30,000
പഞ്ചസാര	4120
മുളക്	27,500
ഉഴുന്ന്	10,900–11,600
ചെറുപയർ	10,300–11,800
കടല	6300–9800
മുതിര	7500
എള്ള്	20,000
മല്ലി	7800–9200
പച്ചരി നമ്പർ 1	4500–4700
പുഴുക്കലരി (ജയ)	4250
ജാതിക്ക തൊണ്ടൻ	200–250
ജാതിക്ക തൊണ്ടില്ലാത്തത്	400–440
ജാതിപത്രി ചുവപ്പ്–മഞ്ഞ	900–1350
ജാതി ഫ്ലവർ ചുവപ്പ്	1300–1500
ജാതി ഫ്ലവർ മഞ്ഞ	1400–1600
ഗ്രാമ്പൂ	925–1000
ഏലം കൂടിയ വില	2512
ശരാശരി വില	2120.65
റബർ ആർഎസ്എസ് 5 ഗ്രേഡ്	20,000–20,600
റബർ ആർഎസ്എസ് 4 ഗ്രേഡ്	20,900
ഒട്ടുപാൽ	14,500
ലാറ്റക്സ്	15,500
പാം ഓയിൽ	8950

ഓഹരി

സെൻസെക്സ്	80,716.55
നിഫ്റ്റി	24,613.00

കേരള സംസ്ഥാന ഭാഗ്യക്കുറി FIFTY-FIFTY FF- 103 DRAW RESULT 17/07/2024

ഒന്നാം സമ്മാനം ₹1 കോടി FJ 230272 എറണാകുളം

സ്വാമ്പാസ്സ സമ്മാനം ₹8000: FA 230272 FB 230272 FC 230272 FD 230272 FE 230272 FF 230272 FG 230272 FH 230272 FK 230272 FL 230272 FM 230272

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

രണ്ടാം സമ്മാനം ₹10 ലക്ഷം FB 221220 കണ്ണൂർ

മൂന്നാം സമ്മാനം ₹5000: 0699 2999 3391 3440 3874 4037 4149 4580 5088 5183 5466 5721 5984 6206 6212 6428 6453 6827 6853 7272 7746 8062 9658

നാലാം സമ്മാനം ₹2000: 0178 1264 1486 3584 3908 4409 4820 4855 5236 6253 7274 9448

അഞ്ചാം സമ്മാനം ₹1000: 0046 0460 1033 2518 2639 2878 2941 3177 3333 4018 4064 4300 4360 4556 4597 5177 6909 7483 7695 7925 8631 9239 9364 9394

ആറാം സമ്മാനം ₹500: 0061 0070 0167 0170 0319 0378 0484 0502 0529 0575 0632 0693 0814 0835 1031 1165 1177 1283 1292 1310 1487 1632 1646 1650 1709 1743 1866 1881 2137 2166 2264 2294 2304 2472 2516 2555 2585 2812 2894 3217 3243 3373 3399 3576 3761 3899 3953 4003 4015 4130 4205 4377 4473 4596 4908 5118 5245 5268 5390 5441 5651 5663 5808 5853 5855 6080 6095 6412 6462 6709 6725 6833 6937 7093 7101 7333 7396 7414 7788 7985 8285 8377 8449 8478 8492 8537 8713 9078 9269 9272 9398 9510 9523 9600 9722 9980

ഏഴാം സമ്മാനം ₹100: 0005 0078 0239 0242 0263 0325 0459 0697 0874 0882 0883 0897 0997 1067 1132 1229 1246 1561 1581 1591 1636 1876 1968 2171 2237 2238 2299 2356 2380 2427 2429 2450 2469 2654 2776 2822 2924 2951 3044 3090 3138 3187 3188 3206 3293 3305 3356 3439 3557 3651 3785 3814 3835 4125 4164 4173 4198 4218 4233 4266 4459 4490 4500 4553 4712 4847 4870 4892 4993 5212 5283 5293 5332 5484 5600 5814 5843 5995 6102 6223 6268 6294 6364 6434 6647 6697 6726 6746 6985 7079 7266 7362 7597 7629 7649 7785 7947 7970 8110 8207 8233 8238 8275 8278 8418 8538 8621 8690 8885 8959 8965 9050 9083 9110 9119 9122 9358 9380 9515 9582 9709 9752 9831 9864 9934 9979

ഒ.വൈ.എൻ. പിള്ള ജോയിന്റ് ഡയറക്ടർ

നറുക്കെടുപ്പ് ഫലം വിജ്ഞാപനത്തിനായി www.statelottery.kerala.gov.in

JANMABHUMI CLASSIFIEDS
ജന്മഭൂമി ക്ലാസിഫൈഡ്സിൽ പരസ്യം നൽകുവാൻ വിളിക്കൂ...
advtptajanmabhumi@gmail.com
9645812568, 9961720588

CHANGE OF NAME

I, ANILAMOL SOURABHAN (AS PER SCHOOL CERTIFICATE), PEETHAMBARAM, KPAC ROAD, KAYAMKULAM, ALAPPUZHA, HEREBY CHANGE MY NAME AS ANILA SOURABHAN

CHANGE OF NAME

I, Unnimaya residing at Chaithanya, South Kochumuri, Oachira PO, Alappuzha, 690526. hereby change my name to UNNIMAYA. S.

പത്തനംതിട്ട ജില്ല ഉപഭോക്തൃ കോടതി
മുമ്പാകെ
CC. 132/2024, CC. 133/2024

മേൽ നമ്പർ കേസുകളിൽ മൂന്നും നാലും എതൃകക്ഷികളായ പത്തനംതിട്ട ജില്ലയിൽ തെള്ളിയൂർ പോസ്റ്റതൃത്തിയിൽ ശ്രീരാമസദനം വീട്ടിൽ ഗോപാലകൃഷ്ണൻ നായർ ഭാര്യ സിന്ധു വി. നായർ ടിയിൽ ഗോവിന്ദ് ജി. നായർ ഭാര്യ ലക്ഷ്മി ഗോവിന്ദ് നെയും തെരൃപ്പെടുത്തുന്ന നോട്ടീസ്.

മേൽ നമ്പർ കേസ്സുകൾ 21-08-2024 തീയതിയിൽ ബഹു. കോടതി മുമ്പാകെ വിചാരണയ്ക്ക് വെച്ചിട്ടുള്ളതും അന്നേദിവസം നിങ്ങളൊ അധികാരപ്പെടുത്തിയ അഭിഭാഷകൻ മുഖാന്തരമൊ ഹാജരായി വല്ല ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം നിങ്ങൾക്ക് ആക്ഷേപം ഇല്ലായെന്നുകണ്ട് കേസിൽ തീരുമാനം ഉണ്ടാകുമെന്ന് വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻ പ്രകാരം
ഡി. പ്രവീൺകുമാർ
അംബുജാക്ഷിഅമ്മ
(ഹർജിക്കാർ)

തീയതി
18.07.2024

സുവർണാവസരം

മർച്ചന്റ് നേവി, ക്രൂയിസ് ഷിപ്പ് & എയർലൈൻസ് ചേരുവാൻ
■ യോഗ്യത : 10 ■ വയസ്: 17 - 27
■ ശമ്പളം: 60,000 - 80,000, facilities
■ Email: mynavy18@gmail.com
■ Ph: 7412057300

RC BOOK LOST

എന്റെ ഉടമസ്ഥതയിലുള്ള KL29 B.6386 EXCAVATOR - ന്റെ RC ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്പിക്കേറ്റ് എടുക്കുന്നതിന് പരാതിയുള്ളവർ 15 ദിവസത്തിനകം കായംകുളം RTO - യെ അറിയിക്കേണ്ടതാണ്.
Sarath. K.S, Kalathilparambil, Karuvatta. P.O, Karuvatta.

RC BOOK LOST

എന്റെ ഉടമസ്ഥതയിലുള്ള KL 27 L 5450 Pajero GLX - ന്റെ RC ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്പിക്കേറ്റ് എടുക്കുന്നതിന് പരാതിയുള്ളവർ 15 ദിവസത്തിനകം Thiruvalla SRTO - യെ അറിയിക്കേണ്ടതാണ്.
Aravind. R, Venattu, Mathilbhagom, Thiruvalla. P.O, Pathanamthitta -689101.

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് സർവ്വീസ്
ജില്ലയിൽ എവിടെയും ...
പകൽ സമയത്തും ...
ഗരുഡ
വിളിക്കൂ : 80893 96661 62827 12683

അഡ്മിഷൻ തുടരുന്നു...
Integrated MBA (5 years)
Integrated MCA (5 years)
Qualification: Plus Two
OTHER COURSES:
■ B.Sc. Food Technology
■ B.Sc. Microbiology
■ B.Sc. Cyber Forensic
■ B.Sc. Apparel and Fashion Technology
■ B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888

എയർപിസ്റ്റോൾ, എയർ റൈഫിൾസ് സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ വിൽപനശാല
കൊച്ചിൻ എയർഗൺസ്
കച്ചേരിപ്പടി, ചിറ്റൂർ റോഡ്, സുധീന്ദ്ര ഹോസ്പിറ്റലിന് സമീപം, എറണാകുളം.
ഫോൺ: 9061987450

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/ റൈഫിൾ
• മാഗസിനിൻ
• 18 ബിബി.
177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും, റിപ്പയറിംഗിനും, ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം,
ഫോൺ: 0484–2371598, 2353589 9388619684

മുന്നറിയിപ്പ്:

ജന്മഭൂമി പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് മുമ്പായി ആയതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരസ്യക്കാരുടെ ഏതെങ്കിലും അവകാശവാദങ്ങൾ ശരിയാണെന്ന് ജന്മഭൂമിയുടെ പ്രസാധകരായ മാതൃകപ്രചരണാലയം ലിമിറ്റഡ് ഉറപ്പുനൽകുന്നില്ല. പരസ്യക്കാരുടെ അവകാശവാദങ്ങൾ തെറ്റാണെന്നു കണ്ടാലോ ആർക്കെങ്കിലും തന്മൂലം വല്ല കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലോ ജന്മഭൂമിയുടെ പ്രിന്ററോ പബ്ലിഷറോ എഡിറ്ററോ മറ്റു ജീവനക്കാരോ ഉത്തരവാദികൾ ആയിരിക്കുന്നതല്ല.

പിരമൽ ക്യാപിറ്റൽ & ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

Piramal Capital & Housing Finance

രജിസ്റ്റർഡ് ഓഫീസ് വിലാസം: യൂണിറ്റ് നമ്പർ. 601, ആറാം നില പിരാമല അമിതി ബിൽഡിംഗ്, പിരമൽ അഗസ്ത്യ- കോർപറേറ്റ് പാർക്ക്, കമാനി ജംഗ്ഷൻ, ഫയർ സ്റ്റേഷന് എതിർവശം, എൽ.ബി.എസ്. മാർഗ്, കുർള (വെസ്റ്റ്), മുംബൈ- 400 070., **CIN: L65910MH1984PLC032639, website : www.piramalfinance.com**
ശാഖാ വിലാസം: ധീരജ് ബാഗ്, ബിൽഡിംഗ് 'എ' ഗ്രൗണ്ട് & ഒന്നാം നില, ആക്സിസ് ബാങ്കിന് സമീപം, മൊണാലിസ ബിൽഡിംഗിന് എതിർവശം, ആഗ്ര റോഡ്, ഹരി നിവാസ് സർക്കിൾ, നൗപദ, താനെ (വെസ്റ്റ്)-400 602.

ഡിമാന്റ് നോട്ടീസ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻറസ്റ്റ് ആക്ടിന്റെ സെക്ഷൻ 13(2) പ്രകാരം. സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ റൂൾ 3(1) പ്രകാരവും സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 (മേൽപറഞ്ഞ ആക്ട്) നു കീഴിൽ **പിരമേൽ ക്യാപിറ്റൽ & ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (പി. സി. എച്ച്. എഫ്. എൽ)** ന്റെ താഴെ ഒപ്പിട്ടിരിക്കുന്ന അധികാരപെടുത്തിയ ഉദ്യോഗസ്ഥൻ മേൽപറഞ്ഞ ആക്ടിന്റെ സെക്ഷൻ 13(2) ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002, ന്റെ റൂൾ 3 ന്റെ അധികാരങ്ങൾ വിനിയോഗിച്ച് താഴെ പറയുന്ന വായ്പക്കാർക്ക് യഥാക്രമം നൽകിയിരിക്കുന്ന ഡിമാന്റ് നോട്ടീസുകളിൽ പറഞ്ഞിരിക്കുന്ന തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു. മേൽപറഞ്ഞവ താഴെ നൽകിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത വായ്പക്കാർക്ക് പി.സി.എച്ച്.എഫ്.എൽ ന് ഈ നോട്ടീസിന്റെ പരസ്യതീയതി മുതൽ 60 ദിവസത്തിനകം താഴെ നൽകിയിരിക്കുന്ന തുകയും ഭാവി പലിശയും തിരിച്ചടയ്ക്കണെന്ന് ആവശ്യപ്പെടുകയാണ്. ഡിമാൻഡ് നോട്ടീസ്, താഴെ സൂചിപ്പിച്ച തീയതി മുതൽ പേയ്മെന്റ് തീയതി വരെ, ലോൺ എഗ്രിമെന്റിന് കീഴിൽ അടയ്ക്കേണ്ട, മറ്റ് രേഖകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, പ്രസ്തുത വായ്പക്കാർ പൂർത്തീകരിക്കേണ്ടതാണ്. വായ്പയുടെ തിരിച്ചടവ്, ഇനിഷറയുന്ന ആസ്തികൾ യഥാക്രമം പ്രസ്തുത വായ്പക്കാരൻ പി.സി.എച്ച്.എഫ്.എൽ ലേക്ക് പണയപ്പെടു